# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2323** **06/10/2016-ൽ മറുപടിയ്ക്ക്**

**<u>തീരദേശ വികസന കോർപ്പറേഷൻ</u>**

| <u>ചോദ്യം</u><br>ശ്രീ.വി.എസ്.ശിവകുമാർ: | <u>മറുപടി</u><br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത കോർപ്പറേഷൻ മുഖേന നടപ്പിലാക്കാൻ ഏതെല്ലാം പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) വലിയതുറയിൽ ഭൂരഹിതഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്ന പദ്ധതി പരിഗണനയിലുണ്ടായിരുന്നുവെങ്കിലും വലിയതുറ സെന്റ് ആന്റണീസ് സ്കൂൾ അധികൃതരുടെ എതിർപ്പും പ്രാദേശികമായ തടസ്സങ്ങളും കാരണം പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞില്ല |

സെക്ഷൻ ആഫീസർ

# അനുബന്ധം

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.**

1) ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൺ ഡെവലപ്മെന്റ് ഓഫ് ഫിഷർഫോക്ക് (2016-17 സാമ്പത്തിക വർഷം) പദ്ധതിയിലുൾപ്പെടുത്തി 466.00 ലക്ഷം രൂപയുടെ വലിയതുറ ഫിഷറീസ് സ്കൂൾ കെട്ടിട നിർമ്മാണം പദ്ധതി നടപ്പിലാക്കുന്നു.

2) സംസ്ഥാന ബഡ്ജറ്റ് പ്ലാൻ (2014-15 സാമ്പത്തിക വർഷം) പദ്ധതിയിലുൾപ്പെടുത്തി 52.00 ലക്ഷം രൂപയ്ക്ക് 8 ഫ്ളാറ്റുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളികൾക്ക് കൈമാറി.

3) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ പൂന്തുറ മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

| | | | |
|---|---|---|---|
| കുടിവെള്ള പദ്ധതി | - | 69.55 ലക്ഷംരൂപ | - പൂർത്തീകരണഘട്ടത്തിൽ |
| സാനിറ്റേഷൻ | - | 59.92 ലക്ഷംരൂപ | - പൂർത്തീകരിച്ചു |
| വൈദ്യുതീകരണം | - | 33.12 ലക്ഷംരൂപ | - പൂർത്തീകരിച്ചു |
| ഹൈമാസ്റ്റ്ലൈറ്റ് (4എണ്ണം) | - | 24.00 ലക്ഷംരൂപ | - പൂർത്തീകരിച്ചു |
| ലൈബ്രറിസഹായം | - | 10.00 ലക്ഷംരൂപ | - പൂർത്തീകരിച്ചു |
| ജീവനോപാധി സഹായം | - | 54.00 ലക്ഷം രൂപ (പദ്ധതി പുരോഗമിക്കുന്നു) | |

2013-14 സാമ്പത്തിക വർഷത്തിൽ കണ്ണാന്തുറ മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

| | | |
|---|---|---|
| വൈദ്യുതീകരണം | - | 36.74 ലക്ഷം രൂപ (പദ്ധതി പൂർത്തീകരിച്ചു) |
| ഹൈമാസ്റ്റ്ലൈറ്റ് (2 എണ്ണം) | - | 20.00 ലക്ഷം രൂപ (പദ്ധതി പൂർത്തീകരിച്ചു) |
| ജീവനോപാധി സഹായം | - | 40.00 ലക്ഷം രൂപ (പദ്ധതി പുരോഗമിക്കുന്നു) |

4) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതി (2013-14 സാമ്പത്തിക വർഷം) യിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

| | | | |
|---|---|---|---|
| കുടിവെള്ള പദ്ധതി, വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയത്തോപ്പ് | - | 300.00 ലക്ഷംരൂപ | - പൂർത്തീകരണഘട്ടത്തിൽ |
| വൈദ്യുതീകരണം, വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയത്തോപ്പ് | - | 350.00 ലക്ഷം രൂപ | - പൂർത്തീകരണഘട്ടത്തിൽ |
| ഫിഷറീസ്റോഡ് നിർമ്മാണം, വലിയതുറ | - | 74.00 ലക്ഷം രൂപ | - 50% പൂർത്തീകരിച്ചു |
| അംഗൻവാടി, വലിയതുറ(3 എണ്ണം) | - | 66.00 ലക്ഷം രൂപ | - പൂർത്തീകരിച്ചു |
| വലിയതുറ ഫിഷറീസ് ആശുപത്രി കെട്ടിട നിർമ്മാണം | - | 150.00 ലക്ഷം രൂപ | - പൂർത്തീകരിച്ചു |
| വലിയതുറഹൈമാസ്റ്റ്ലൈറ്റ്സ്ഥാപിക്കൽ | - | 13.58 ലക്ഷം രൂപ | - പൂർത്തീകരിച്ചു |

5) തീരദേശ സാമൂഹ്യ അടിസ്ഥാന വികസന പദ്ധതിയിലുൾപ്പെടുത്തി 54.00 ലക്ഷം രൂപയുടെ ആയുഷ് ആശുപത്രികെട്ടിട നിർമ്മാണം പുരോഗമിക്കുന്നു.

6) ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പദ്ധതിയിലുൾപ്പെടുത്തി 250.00 ലക്ഷം രൂപയുടെ പാങ്ങോട് മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.

7) ആഴക്കടൽ പദ്ധതി (2011-12) പദ്ധതിയിലുൾപ്പെടുത്തി പൂന്തുറ മത്സ്യഗ്രാമത്തിൽ 14 ഗുണഭോക്താക്കൾക്ക് ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു.

8) ഫ്രഷ് ഫിഷ്ടുആൾ പദ്ധതിയിൽ ഉൾപ്പെടുത്തി 50,000/- രൂപ വീതം വില വരുന്ന ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച 2 ഇരുചക്രവാഹനങ്ങളും 2 ലക്ഷം രൂപ വീതം വില വരുന്ന ഇൻസുലേറ്റഡ് ബോക്സ്ഘടിപ്പിച്ച 3 ഓട്ടോറിക്ഷകളും തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ വിതരണം ചെയ്തു.

9) കട്ടമരം മോട്ടോറൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 12 ഗുണഭോക്താക്കൾക്ക് എഞ്ചിൻ വാങ്ങുന്നതിന് 30,000 രൂപ വീതം സബ്സിഡി അനുവദിച്ചു.

സെക്ഷൻ ആഫീസർ